പദ്ധതി നടപ്പിലാക്കുന്നതിനും ഉദ്ദേശിക്കുന്നു. നിലവിലുള്ള ലൈഫ് ഗാർഡുകൾക്ക് മെച്ചപ്പെട്ട പരിശീലനവും ആധുനിക ജീവൻരക്ഷാ ഉപകരണങ്ങളും നൽകി കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുവാനുള്ള സാഹചര്യം ഒരുക്കുന്നതാണ്.

ജീവൻ രക്ഷാ സേവനങ്ങൾക്കായി ഒരു പ്രത്യേക സൊസൈറ്റി രൂപീകരിക്കുകയും ശരിയായ പരിശീലനം നൽകിയും ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കിയും സേവനം കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്യും. എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും 'ടൂറിസ്റ്റ് വാർഡൻ പദ്ധതി' നടപ്പിലാക്കും. വിനോദ സഞ്ചാരികളെ ബാധിക്കുന്ന അടിയന്തര സാഹചര്യങ്ങളെ നേരിടുന്നതിനായി ഇത്തരം ആകസ്മികതകളിൽ അടിയന്തരമായി ഇടപെടാൻ പര്യാപ്തമായ 'കണ്ടിജൻസി റെസ്പോൺസ് സെൽ' സംസ്ഥാന തലത്തിൽ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശവും പരിഗണനയിലുണ്ട്.

ടൂറിസം ഇൻവെസ്റ്റുമെന്റ് പ്രൊമോഷൻ ബോർഡ്

263 (3699) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം ഇൻവെസ്റ്റുമെന്റ് പ്രൊമോഷൻ ബോർഡ് രൂപീകരിച്ചതിന്റെ ഉദ്ദേശം വിശദമാക്കാമോ ;

(ബി) ടൂറിസം വകുപ്പിന്റെ നിലവിലുള്ള പ്രവർത്തന മേഖലയിൽ നിന്ന് എന്തെല്ലാം കാര്യങ്ങളാണ് ബോർഡിന് വിട്ടുകൊടുക്കാനുദ്ദേശിക്കുന്നത് ;

(സി) ബോർഡിന്റെ ഘടനയും പ്രവർത്തനവും സംബന്ധിച്ച് വിശദമാക്കാമോ ;

(ഡി) ഏതു നിയമം അനുസരിച്ചാണ് സർക്കാർ ബോർഡിന് അധികാരങ്ങൾ കൈമാറിയിരിക്കുന്നതെന്നു വിശദമാക്കാമോ ?

ഉത്തരം

(എ) ടൂറിസം മേഖലയിലെ സുഗമമായ നിക്ഷേപ സംരഭങ്ങൾക്കായി സംസ്ഥാന തലത്തിൽ സ്ഥായിയായ ഒരു സംവിധാനം എന്ന നിലയിലാണ് സ്റ്റേറ്റ് ടൂറിസം ഇൻവെസ്റ്റ്മെന്റ് ബോർഡ് രൂപീകരിച്ചിട്ടുള്ളത്.

(ബി) ഇതുസംബന്ധിച്ചുള്ള തീരുമാനം കൈക്കൊണ്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായി താഴെപ്പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തിയാണ് സ്റ്റേറ്റ് ടൂറിസം ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ബോർഡ് രൂപീകരിച്ചിട്ടുള്ളത്.

ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രി - വൈസ് ചെയർമാൻ

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി - മെമ്പർ

ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി - മെമ്പർ

ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി - മെമ്പർ

ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി - മെമ്പർ

ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി - മെമ്പർ

ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി - മെമ്പർ

ബഹുമാനപ്പെട്ട പരിസ്ഥിതി വകുപ്പുമന്ത്രി - മെമ്പർ

ജോയിന്റ് സെക്രട്ടറി, ടൂറിസം മന്ത്രാലയം ഭാരത സർക്കാർ - മെമ്പർ

പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യം - മെമ്പർ

സെക്രട്ടറി, വ്യവസായം - മെമ്പർ

സെക്രട്ടറി, ആരോഗ്യം - മെമ്പർ

ഡയറക്ടർ, ടൂറിസം - മെമ്പർ

സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയിലെ മുൻനിര ബാങ്ക് - മെമ്പർ

വിനോദസഞ്ചാര വ്യവസായ രംഗത്തെ രണ്ടോ മൂന്നോ പ്രതിനിധികൾ - മെമ്പർ

സെക്രട്ടറി, ടൂറിസം - കൺവീനർ

ബോർഡിന്റെ പ്രവർത്തനം സംബന്ധിച്ച് തീരുമാനമായിട്ടില്ല.

(ഡി) ഇത് സംബന്ധിച്ചുള്ള തീരുമാനം കൈക്കൊണ്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly